കേരള സർക്കാർ

# മുടക്കുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

website : www.ksad.kerala.gov.in

e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/ഇ.കെ.എം.(പി.2)1193 /2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കാക്കനാട്, എറണാകുളം
ഫോൺ – 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി : 06.09.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുടക്കുഴ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:- മുടക്കുഴ ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഭാഗം 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

<u>പകർപ്പ്:</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്.

.

നം.കെ.എസ്.എ/ഇ.കെ.എം.(പി.2)1193 /2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കാക്കനാട്, എറണാകുളം
ഫോൺ – 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി : 06.09.2019

## എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

.

എറണാകുളം ജില്ലയിലെ **മുടക്കുഴ** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സമയത്ത് 09 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 05 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.ജയ.സി.ആർ.,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.06.2019 മുതൽ<br>29.06.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും | ശ്രീമതി. ഷേർളി പീറ്റർ, |

| | |
|---|---|
| തസ്തിക വിവരവും | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ. ശ്രീജിത്ത് സി.ഡി, ഓഡിറ്റർ( സീനിയർ ഗ്രേഡ് ) |
| | ശ്രീ ഷിബു പൗലോസ്, ഓഡിറ്റർ( സീനിയർ ഗ്രേഡ് ) |

.

## (ബി) നിർവ്വഹണാധികാരികൾ

| സ്ഥാനം/ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷൈമി വർഗ്ഗീസ് | 01.04.2018 മുതൽ 31.03.2019 വരെ |

## നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ എം എം അന്ത്രു | 01.04.2018മുതൽ 20.08.2018വരെ |
| | ശ്രീ സുധീഷ് കുമാർ | 21.08.18 മുതൽ 01.09.2018 വരെ |
| | ശ്രീ സുധർലാൽ എൻ.എസ് | 02.09.2018 മുതൽ 11.10.2018 വരെ |
| | ശ്രീ രവികുമാർ എൻ. | 12.10.2018 മുതൽ 05.12.2018 വരെ |
| | ശ്രീമതി. മേരി കെ.ഒ. | 06.12.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ സുധർലാൽ എൻ.എസ് | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി മഞ്ജു കെ ആർ | 01.04.18 മുതൽ 31.03.19 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ചന്ദ്രബിന്ദു കെ ആർ | 01.04.18 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജൻ, തുരുത്തി | ഡോ. പ്രസന്ന കെ | 01.04.18 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജൻ,മുടക്കുഴ | ഡോ.എൽദോ കെ വർഗ്ഗീസ് | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.രഞ്ജിനി ടി.എസ് | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.അഹിത എ ഖാദർ | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.സ്മിത കെ മോഹൻ | 01.04.18 മുതൽ 31.03.19 വരെ |
| ഹെഡ് മിസ്ട്രസ്സ് ഗവ:എൽ.പി.എസ്, വാണിയപ്പിള്ളി | ശ്രീമതി ആശാലത എം. | 01.04.18 മുതൽ 31.03.19 വരെ |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ബിന്ദു എ.എസ് | 01.04.18 മുതൽ 31.03.19 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി രഞ്ജിത്ത് ആർ. | 01.04.18 മുതൽ 31.03.19 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, തുരുത്തി | ശ്രീ രമേശ്കുമാർ സി ജി | 01.04.18 മുതൽ 31.03.19 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, അകനാട് | ശ്രീമതി ജാൻസി ജോസഫ് | 01.04.18 മുതൽ 31.03.19 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **പൊതു അവലോകനം** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-11 |
| 12 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-12 |
| | **ഭാഗം 2** | |
| 13 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല | 2-1 |
| 14 | ലൈബ്രറി-അപര്യപ്തതകൾ. | 2-2 |
| | **ഭാഗം 3** | |
| 15 | ഉപയോഗശൂന്യമായ പാറമടകൾക്ക് സുരക്ഷാവേലി അടിയന്തിരമായി നടപ്പിലാക്കുക | 3-1 |
| 16 | സ്വച്ഛ് ഭാരത് ( ഗ്രാമീൺ ) ഫണ്ട് -വിനിയോഗത്തിലെ അപാകതകൾ സംബന്ധിച്ച് | 3-2 |
| 17 | ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾ -ഭൗതികസൗകര്യങ്ങൾ അപര്യാപ്തം | 3-3 |
| 18 | ബഡ്സ് സ്കൂൾ സ്പെഷ്യൽ ഫണ്ട് വിനിയോഗം സംബന്ധിച്ച് | 3-4 |
| 19 | പൂർത്തിയാകാത്ത കുടിവെള്ളപ്രോജക്ടുകൾ | 3-5 |
| 20 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-6 |
| 21 | മില്ലുംപടി കടവുങ്കൽ റോഡ്-എഗ്രിമെന്റ് വെച്ചെങ്കിലും പണി ആരംഭിച്ചില്ല-പ്രോജക്ട് ഉപേക്ഷിച്ചു | 3-7 |
| 22 | ഹോമിയോ ആശുപത്രി-മരുന്ന് ലഭ്യമായിട്ടില്ല. | 3-8 |
| 23 | ഗ്രാമപഞ്ചായത്തിന് പൊതുശ്മശാനം ഇല്ല | 3-9 |
| 24 | സ്യൂട്ട് രജിസ്റ്റർ പരിപാലനം ,കേസ് നടത്തിപ്പ്-അപാകതകൾ | 3-10 |
| 25 | ക്ഷീര കർഷകർക്ക് ഇൻസെന്റീവ്-പഞ്ചായത്ത് വിഹിതം ചിലവാക്കിയില്ല. | 3-11 |
| 26 | പദ്ധതി നിർവഹണത്തിലെ അപാകതകൾ | 3-12 |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 27 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരം | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |

| | | |
|---|---|---|
| 30 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 31 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 34 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 36 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | **<u>അനുബന്ധങ്ങൾ</u>** | |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 38 | ബാലൻസ് ഷീറ്റ് | അനുബന്ധം 2 |
| 39 | ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് | |
| 40 | റസീപ്റ്റ് & പേമെന്റ് അക്കൗണ്ട് | |


# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2018-19 ലേക്കുള്ള ബജറ്റ് 22.03.2018 ലെ 1(1) നം.തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 16.05.2019 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് | സർട്ടിഫിക്കറ്റ് |
|---|---|---|

| | കണക്കുകൾ പരിശോധിച്ച തിയതി | നം./തിയതി |
|---|---|---|
| 2018-19 | 18/0619, 19/06/19 | റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു. |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 97,62,526.90 |
| വരവ് | 7,30,69,752 |
| ആകെ | 8,28,32,278.9 |
| ചെലവ് | 6,60,51,169 |
| നീക്കിയിരിപ്പ് | 1,67,81,109.9 |

# 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,06,84,102 | 1,06,84,102 | 1,03,72,462 | 0 | 3,11,640 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 70,90,000 | 70,90,000 | 58,54,538 | 0 | 12,35,462 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 22,000 | 22,000 | 0 | 0 | 22,000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 1,80,91,000 | 1,80,91,000 | 1,80,53,169 | 0 | 37,831 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 27,80,000 | 27,80,000 | 25,79,913 | 0 | 2,00,087 |
| ധനകാര്യ കമ്മീഷൻ അവാർഡ് (state വിഹിതം ) | 0 | 49,72,000 | 49,72,000 | 42,46,813 | 0 | 7,25,187 |
| കെ. എൽ. ജി.എസ്. ഡി. പി | 0 | 0 | 0 | 0 | 0 | 0 |
| സാക്ഷരത | 6,525 | 52,386 | 58,911 | 52,154 | 6,757 | 0 |
| ദുരിതാശ്വാസം എസ്.ബി.ടി. | 5,840 | 40,870 | 46,710 | 25,000 | 21,710 | 0 |
| എം.എൻ ആർ.ഇ. ജി.എസ്. | 3,889 | 1,60,58,016 | 1,60,61,905 | 1,60,55,880 | 6,025 | 0 |
| സാനിറ്റേഷൻ | 0.5 | 3,00,500 | 3,00,500.05 | 0 | 3,00,500.05 | 0 |
| ട്രഷറി ( ജനറൽ പർപ്പസ് ഗ്രാന്റ് ) | 4,64,265 | 1,29,66,336 | 1,34,30,601 | 97,76,406 | 36,545,195 | 0 |
| തനത് ഫണ്ട് (Cash in hand ഉൾപ്പെടെ) | 91,44,654.4 | 1,29,86,237 | 221,30,891 | 91,91,421 | 1,29,39,470.4 | 0 |
| ജോയിന്റ് വെഞ്ചർ ട്രഷറി ടി.എസ്.ബി. | 1,37,353 | 59,02,000 | 60,39,353 | 58,88,584 | 1,50,769 | 0 |
| ബി. ഫണ്ട് | 0 | 2,60,400 | 2,60,400 | 2,60,400 | 0 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 183 | 7,70,55,008 | 139 | 5,35,57,205 | 42 | 2 | 75.95 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3,889 | 4,14,136 | 4,18,025 | 4,12,000 | 6,025 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 1,43,56,774 | 1,43,56,774 | 1,43,56,774 | |
| സെമി സ്കിൽഡ് ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 87,350 | 87,350 | 87,350 | |
| മെറ്റീരിയലിന് നൽകിയത് | | 11,99,756 | 11,99,756 | 11,99,756 | |
| ആകെ | 3,889 | 1,60,58,016 | 1,60,61,905 | 1,60,55,880 | 6,025 |

# 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14,400 | 6 |
| കർഷകതൊഴിലാളി പെൻഷൻ | 61,73,100 | 534 |
| വിധവാ പെൻഷൻ | 94,58,900 | 775 |
| വാർദ്ധക്യകാല പെൻഷൻ | 1,44,52,700 | 1192 |
| ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 37,42,400 | 295 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള പെൻഷൻ | 5,80,000 | 45 |
| വിവാഹ ധനസഹായം | 1,50,000 | 5 |

# 1-9 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.06.2019 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10229/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ സംഘടിപ്പിക്കുക, അധികവിഭവ സമാഹരണ സാദ്ധ്യത കണ്ടെത്തുക, വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയെ സഹായിക്കുക, പ്രാദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ, എന്നിവരെയൊക്കെ കണ്ടെത്തുന്നതിന് സഹായിക്കുക എന്നീ പ്രവർത്തനങ്ങളൊന്നും ആസൂത്രണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടായതായി യാതൊരു രേഖയിലും കാണുന്നില്ല. ബാങ്ക്, സഹകരണ സ്ഥാപനങ്ങൾ എന്നിവയുമായി കൂടിയാലോചന നടത്തിയതായി മിനിട്സുകളിൽ കാണുന്നുണ്ട്. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പദ്ധതികളെപ്പറ്റി കാര്യമായ ചർച്ചയൊന്നും നടന്നിട്ടില്ല. ഗ്രാമസഭയുടെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഭരണസമിതിയിലും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പോലുള്ള മുകൾത്തട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകേണ്ട ശുപാർശകൾ തയ്യാറാക്കേണ്ടത് ആസൂത്രണസമിതിയായിരുന്നു.ആസൂത്രണ സമിതിയുടെ പ്രവർത്തനം കേവലം ചില നിർദ്ദേശങ്ങളിലും ആഹ്വാനങ്ങളിലും ഒതുങ്ങി എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

സ്റ്റാറ്റസ് റിപ്പോർട്ടിൽ സൂചിപ്പിച്ച പ്രശ്നങ്ങൾ മനസ്സിലാക്കി പ്രൊജക്ടുകൾ തയ്യാറാക്കുക, പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ വിവിധ മുൻഗണനകൾ പാലിക്കുക, നിർവ്വഹണം വിലയിരുത്തി പോരായ്മകൾ പരിഹരിക്കുക, പദ്ധതി രൂപീകരണവേളയിൽ നവമാദ്ധ്യമങ്ങളുടെ സാദ്ധ്യത പ്രയോജനപ്പെടുത്തുക, ഗ്രാമസഭ, വികസനസെമിനാർ എന്നിവയ്ക്ക് വേണ്ട അക്കാദമിക് സഹായം നൽകുക, ഓരോ പ്രൊജക്ടിന്റെയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാദ്ധ്യത, വിജയസാദ്ധ്യത, എന്നിവ പരിശോധിക്കുക ഇവയെല്ലാമാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതല. ഇവയൊന്നും നിർവ്വഹിച്ചില്ലെന്ന് മാത്രമല്ല ഏറ്റവും സുപ്രധാന ഘടകമായ മോണിറ്ററിംഗ് വി.ഇ.ഒയുടെ പദ്ധതികളിലൊഴികെ ബഹുഭൂരിപക്ഷം പ്രൊജക്ടുകളിലും നടത്തിയില്ല എന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നത് വരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും ഫലപ്രദമായി നടത്തുന്നതിന് വേണ്ട മുന്നൊരുക്കവും ഇടപെടലുകളും നടത്തുക, തീരുമാനങ്ങൾ ഭരണസമിതിയെക്കൊണ്ട് വേഗത്തിൽ എടുപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക, നിർദ്ദേശങ്ങൾ മറ്റു സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയ്ക്ക് സമയാസമയങ്ങളിൽ ലഭ്യമാക്കുക എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയാണ്. ഈ രംഗത്ത് പ്രസ്തുത സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമായിരുന്നില്ല. മുൻ വർഷത്തെ സമാന പദ്ധതികളുടെ പ്രവർത്തനങ്ങളുടെ ജയപരാജയങ്ങൾ ച്രച്ച ചെയ്യാതിരുന്നത് മറ്റൊരു പോരായ്മയാണെന്ന് ചൂണ്ടിക്കാട്ടുന്നു.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിൽ സാംഖ്യ, സേവന, സൂചിക, സ്ഥാപന, സചിത്ര എന്നിവ ലോക്കൽ സർവറുകളിൽ നിന്ന് ഉപയോഗിക്കപ്പെടുന്ന സോഫ്റ്റ് വെയറുകളാണ്.

നിലവിൽ പഞ്ചായത്ത് എല്ലാ സോഫ്റ്റ് വെയറുകളുടെയും ഇൻക്രിമെന്റൽ രീതിയിലുള്ള ബാക്ക് അപ് ചെയ്യുകയും ആയത് പ്രതിമാസം ക്ലൗഡ് സർവ്വറിൽ ( ഡ്രോപ് ബോക്സ് ) ബാക്ക് അപ് ചെയ്യുന്നുണ്ട്. കൂടാതെ എക്സ്റ്റേണൽ മെമ്മറിയിൽ പ്രതിമാസം ബാക്ക് അപ് ചെയ്ത് സൂക്ഷിക്കുന്നുണ്ടെന്നും വ്യക്തമാകുന്നു. എക്സ്റ്റേണൽ മെമ്മറി സെക്രട്ടറിയുടെ ഉടമസ്ഥതയിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. ഒന്നിലധികം എക്സ്റ്റേണൽ മെമ്മറിയിൽ ഡാറ്റാ ബാക്ക് അപ് ചെയ്യുന്നുണ്ടെങ്കിൽ ആയത് ഏത് ജീവനക്കാരൻ സൂക്ഷിക്കേണ്ടതാണെന്ന് കൃത്യമായി നിശ്ചയിക്കേണ്ടതാണ്. ബാക്ക് അപ് പ്രോസസ്സിന്റെ കൃത്യമായ രേഖകൾ തയ്യാറാക്കി (documentation) സൂക്ഷിക്കുന്നത് പ്രവർത്തനങ്ങളിലെ സുതാര്യത വർദ്ധിപ്പിക്കുന്നതിന് സഹായിക്കുമെന്ന് അഭിപ്രായപ്പെടുന്നു. സർവർ ഡാറ്റകൾ കൂടാതെ കംപ്യൂട്ടറിൽ സ്റ്റോർ ചെയ്തിരിക്കുന്ന പഞ്ചായത്തുമായി ബന്ധപ്പെട്ട എല്ലാ ഡാറ്റകളും കൃത്യമായ ഇടവേളകളിൽ എക്സ്റ്റേണൽ മെമ്മറിയിൽ ബാക്ക് അപ് ചെയ്യേണ്ടത് അത്യാവശ്യമാണ്.

2. ഗ്രാമപഞ്ചായത്തിൽ ശക്തമായ പാസ് വേർഡ് പ്രൊട്ടക്ഷൻ പോളിസി ഇല്ല. പഞ്ചായത്ത് ഡയറക്ടറുടെ 10.11.2017ലെ സി7/37287/17നമ്പർ സർക്കുലർ പ്രകാരം ഓരോ ജീവനക്കാരന്റെയും ഉത്തരവാദിത്വം അനുസരിച്ച് നല്കപ്പെടുന്ന പാസ് വേർഡുകൾ അതാത് ജീവനക്കാർ തന്നെ കൈകാര്യം ചെയ്യേണ്ടതും മൂന്ന് മാസത്തെ ഇടവേളകളിൽ പാസ് വേർഡ് മാറ്റേണ്ടതുമാണ്. ആയതിന്റെയും ഡോക്യുമന്റേഷൻ (പാസ് വേർഡ് വ്യക്തമാകാത്ത രീതിയിൽ) ചെയ്യുന്നത് നന്നായിരിക്കും. കാഷ് ചെസ്റ്റിന്റെ താക്കോലുകളിൽ ഒരെണ്ണം അക്കൗണ്ടന്റിന്റെ പക്കലും ഒരെണ്ണം ക്ലർക്കിന്റെ പക്കലും സൂക്ഷിക്കണം എന്ന മേൽ സർക്കുലറിലെ നിർദ്ദേശവും കൃത്യമായി പാലിക്കേണ്ടതാണ്.

3. സർക്കാർ മാർഗ്ഗ നിർദ്ദേശത്തിനനുസൃതമായി ഗ്രാമസഭകൾക്ക് മുന്നോടിയായി വ്യാപക പ്രചാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല എന്നതാണ് കോറം തികയാൻ മാത്രമുള്ള ജനപങ്കാളിത്തം സൂചിപ്പിക്കുന്നത്. പദ്ധതികളെക്കുറിച്ച് വ്യക്തമായ അവബോധം ജനങ്ങൾക്ക് നൽകാൻ സാധിച്ചില്ല എന്ന് പരിശോധനയിൽ വ്യക്തമായി. ഓരോ പദ്ധതിയുടെയും അർഹതാ മാനദണ്ഡം സംബന്ധിച്ച് ചർച്ച നടന്നിട്ടുണ്ടോ എന്ന് ഗ്രാമസഭ മിനിട്സുകളിൽ നിന്ന് വ്യക്തമാകുന്നില്ല. ഓരോ പദ്ധതികളുടെയും കൃത്യമായ മാനദണ്ഡം തയ്യാറാക്കി ഗുണഭോക്താക്കളുടെ എണ്ണവും ഗുണഭോക്തൃവിഹിതവും ഉൾപ്പെടുന്ന നോട്ടീസ് ഗ്രാമസഭയിൽ വിതരണം ചെയ്യേണ്ടതാണ്. വാർഡുകളിലുള്ള പ്രത്യേക നോട്ടീസ് ബോർഡുകളിന്മേൽ നോട്ടീസ് പ്രദർശിപ്പിക്കണം എന്ന മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

4. ഗ്രാമസഭ തീരുമാനങ്ങൾ അപ്പോൾ തന്നെ എഴുതി തയ്യാറാക്കി യോഗത്തിൽ പങ്കെടുത്ത 15 പേരുടെ ഒപ്പ് രേഖപ്പെടുത്തുക എന്ന നിർദ്ദേശം പാലിച്ചത് ശ്ലാഘനീയമാണ്. കൂടാതെ ഓരോ ഗുണ ഭോക്താവിനും ലഭിച്ച മാർക്ക് ഗ്രാമ സഭ മിനിട്സുകളിലും രേഖപ്പെടുത്തേണ്ടതാണെന്നും എല്ലാ ഗ്രാമസഭകളുടെയും ഫോട്ടോഗ്രാഫ് ഗ്രാമസഭ മിനിട്സിൽ ഒട്ടിച്ച് വയ്ക്കണം എന്ന 17-18 മാർഗ്ഗരേഖ നിർദ്ദേശവും പാലിക്കപ്പെടേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.05.2019 | 04/2019 | 11.06.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.04.2015 - 22.04.2015 | 2010-11 മുതൽ 2014-15 വരെ | 08.06.2015 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷികകണക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) പ്യൂരിഫിക്കേഷന് ശേഷം വസ്തു നികുതിയിൽ വന്നിട്ടുള്ള വ്യത്യാസം പഞ്ചായത്ത് കമ്മിറ്റി, സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവയിൽ ചർച്ച ചെയ്ത് അനുമതി ലഭ്യമാക്കിയിട്ടില്ല.കൂടാതെ സെക്രട്ടറിയുടെ ഉത്തരവും ലഭ്യമാക്കിയില്ല.ആയതിനാൽ മേൽ മാറ്റങ്ങൾ ആധികാരികമായി കണക്കാകാനാകില്ല.

2) സാക്ഷരത പ്രേരക് മാർക്ക് ഹോണറേറിയം നൽകിയതിൽ ലഭിക്കുവാൻ ബാക്കി നിൽക്കുന്ന തുകയുടെ ( 1,89,380 ) വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വാർഷിക കണക്കിനോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) പ്രധാന അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ സമർപ്പിച്ചിട്ടില്ല.

4) ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണമായി അക്കൗണ്ട് ചെയ്ത് വർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

5) വിവാഹ ധനസഹായം, നെൽകൃഷിക്ക് കൂലിചെചലവ് എന്നിവയ്ക്ക് ചെലവായ തുകകളായ യഥാക്രമം 1,50,000 രൂപ,60,000 രൂപ എന്നിവ വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

6) പ്ളാന്റ് ആൻഡ് മെഷിനറി ( 411400101 ) എന്ന ഹെഡ്ഡിലെ ഡിപ്രിസിയേഷൻ തുക 4,11,740 രൂപയാണ്.എന്നാൽ പ്രസ്തുത ഹെഡ്ഡിന്റെ ആസ്ഥിയുടെ മൂല്യം 2,90,467 രൂപ മാത്രമാണ്.

7) തൊഴിൽ നികുതി ( ട്രേഡേഴ്സ് ) (431190101) എന്ന ഹെഡ്ഡിലെ മുൻവർഷത്തെ അഡ്വാൻസായ 1,99,540 രൂപ രണ്ട് പ്രാവശ്യവും ഡി ആൻഡ് ഒ ലൈസൻസ് ഫീസിലെ മുൻവർഷത്തെ അഡ്വാൻസായ 2,56,400 രൂപയ്ക്ക് പുറമെ 2,57,400 രൂപയും ഇൻകം ആക്കി മാറ്റിയതിനാൽ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ മേൽ ഹെഡ്ഡുകളിൽ ഇൻകം ഹെഡ്ഡിൽ അധികം തുക വന്നിരിക്കുന്നു.

8) ലൈബ്രറി സെസ് പ്രൊവിഷൻ – വസ്തുനികുതി ബാലൻസ് ഷീറ്റിൽ ഉള്ള തുകയുടെ 5 ശതമാനമായ 12,649 രൂപയ്ക്ക് പകരം 12,882 രൂപയാണ് കാണുന്നത്.

9) ബി-18 ഷെഡ്യൂളിലുള്ള Advance to other authorised agencies ( 460500399) എന്ന ഹെഡ്ഡിലെ 180 രൂപ എന്താണെന്ന് വ്യക്തമല്ല.

10) മുൻവർഷത്തെ (2016-17 ലെ) തൊഴിൽ നികുതിയായി ലഭിച്ച തുക 2,23,240/- രൂപ തൻവർഷ തൊഴിൽ നികുതി ഹെഡ് ആയ 110200102 ലാണ് ചേർത്തത്.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല

( എ ). മുടക്കുഴ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

1) മുടക്കുഴ ഈസ്റ്റ് ക്ഷീരോല്പാദക സഹകരണസംഘം (APCOS)

2) മുടക്കുഴ ക്ഷീരോല്പാദക സഹകരണസംഘം (APCOS)

3) മീമ്പാറ ക്ഷീരോല്പാദക സഹകരണസംഘം (APCOS)

4) ഇളമ്പകപ്പിള്ളി ക്ഷീരോല്പാദക സഹകരണസംഘം (APCOS)
5) തുരുത്തി ക്ഷീരോല്പാദക സഹകരണസംഘം (APCOS)
തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6) ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2019-20 മുതൽ ഈടാക്കുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. മേൽപറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

( ബി ). മുടക്കുഴ ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷത്തിൽ കരാറുകളിൽ ഏർപ്പെട്ട് പ്രവർത്തികൾ നടത്തിയിട്ടുള്ള താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

1. കെ.പി.പൗലോസ്
2. കെ.എം.റോയ്.
3. കെ.എൻ.കൈലാസനാഥൻ.
4. ബിനോയ് ജേക്കബ്.
5. ബേസിൽപി.വർഗീസ്.
6. എ.പി.പൗലോസ്.
7. എൽദോ എൻ.വി.
8. സി.റ്റി.കോര.
9. എ.ജെ.തോമസ്സ്
10. മഹേഷ്.
11. ദിലീപ്കുമാർ.
12. സോജൻ എൻ.ജോർജ്.
13. ബിൻന്ത്യ ലിജു.

## 2-2 ലൈബ്രറി-അപര്യപ്തതകൾ.

ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ പാർട്ട് ടൈം ലൈബ്രേറിയൻ ഉള്ള ലൈബ്രറി പ്രവർത്തിക്കുന്നുണ്ട്. രജിസ്റ്റർ പ്രകാരം 2774 പുസ്തകങ്ങൾ സ്റ്റോക്ക് ഉള്ളതും 5 ദിനപ്പത്രങ്ങൾ വരുത്തുന്നതുമായ ലൈബ്രറി നാലോ അഞ്ചോ ആളുകൾ മാത്രമാണ് പത്രം വായിക്കുന്നതിനും മറ്റുമായി ഉപയോഗിക്കുന്നത്. 36 അംഗങ്ങൾ മാത്രമാണ് ഇപ്പോഴുള്ളത്. ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ പുസ്തകങ്ങൾ ലഭ്യമാക്കിയാൽ കൂടുതൽ ആളുകളെ ലൈബ്രറിയിലേക്ക് ആകർഷിക്കുവാൻ സാധിക്കുന്നതാണ്. ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തി ലൈബ്രറിക്ക് സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 ഉപയോഗശൂന്യമായ പാറമടകൾക്ക് സുരക്ഷാവേലി അടിയന്തിരമായി നടപ്പിലാക്കുക

പാറമടകൾക്കും കരിങ്കൽ ക്വാറികൾക്കും പ്രസിദ്ധമാണ് മുടക്കുഴ പഞ്ചായത്ത്. ജില്ലയിലെ നിർമ്മാണരംഗത്തേക്കുള്ള കരിങ്കൽ ഖനനം ഏതാണ്ട് തൊണ്ണൂറു ശതമാനവും ഇവിടെയാണ് നടക്കുന്നത്. 300 അടി മുതൽ 900 അടിവരെ വെള്ളം കെട്ടികിടക്കുന്ന, ഉപയോഗശ്ശൂന്യമായ പാറമടകൾ ഉൾപ്പെട്ട **പെട്ടമല** എന്ന പ്രദേശം നിരവധി അപകടമരണങ്ങൾക്ക് കാരണമായിട്ടുണ്ട്. പഞ്ചായത്തിലെ ഏറ്റവും ഉയർന്ന ഈ പ്രദേശം വിജനവുമാണ്. പാറമടകളിലെ വെള്ളം കെട്ടികിടന്ന് അപകടം ഒഴിവാക്കുന്നതിന് കൈക്കൊള്ളേണ്ട നടപടികളും പഞ്ചായത്തിലെ ഉപയോഗശ്ശൂന്യമായ 7 പാറമടകൾക്ക് സുരക്ഷാവേലി നിർമ്മിക്കാൻ ആവശ്യപ്പെട്ടും ബാലാവകാശകമ്മീഷൻ ജില്ലാകളക്ടറോട് നിർദ്ദേശിച്ചതിനെ തുടർന്ന്, ഇക്കാര്യങ്ങൾ നടപ്പിലാക്കാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 24-5-18 ലെ ഡി 4-5881/2018കത്ത് മുഖേന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. ഏകദേശം 40 ഏക്കറോളം വരുന്ന ഈ ഭാഗത്ത് സുരക്ഷാവേലി നിർമ്മിച്ചുതരാൻ ജില്ലാ ഭരണകൂടത്തോട് ആവശ്യപ്പെടാൻ 28-5-18 ൽ കമ്മറ്റി തീരുമാനമെടുക്കുക മാത്രമാണ് ഭരണസമിതി ഈ വിഷയത്തിൽ കൈക്കൊണ്ട നടപടി. 28-11-18 ലെ കമ്മറ്റിയിൽ അജണ്ട 1 (തീരുമാനം 1 ) പ്രകാരം പെട്ടമല പാറമടയുടെ ഭാഗത്ത് സാമൂഹ്യവിരുദ്ധർ, മദ്യപാനികൾ, ലഹരി മാഫിയ എന്നിവരുടെ ശല്യം കുറയ്ക്കാൻ സുരക്ഷ അത്യാവശ്യമാണെന്ന് തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ മറ്റു നടപടികളൊന്നും ഉണ്ടായിട്ടില്ല.

പാറമടകൾ പലതും സ്വകാര്യവ്യക്തികളുടെയും കുറെ ഭാഗം റവന്യൂഭൂമിയുമാണ്. കേവലം 50ലക്ഷം രൂപ മാത്രം തനത് വരുമാനമുള്ള ഗ്രാമപഞ്ചായത്തിന് ഇത്തരമൊരു പ്രവൃത്തി ഏറ്റെടുക്കുക എളുപ്പമല്ല. എന്നിരുന്നാലും അപകടസാധ്യതയെക്കുറിച്ച് കൃത്യമായ ബോധ്യമുള്ള പഞ്ചായത്ത് ഭരണസമിതി, വിഷയം ഗൗരവമായി എടുക്കുകയോ, മേൽ നടപടികൾ കൊക്കൊള്ളുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് വിഭാഗം നടത്തിയ സ്ഥലപരിശോധനയിൽ കുത്തനെയുള്ള വീതികുറഞ്ഞ റോഡിന് ഇരുവശവുമായി ഏക്കറുകളോളം പരന്നുകിടക്കുന്ന, വെള്ളം നിറഞ്ഞ അഗാധമായ കൊക്കകളാണ് കാണാൻ കഴിഞ്ഞത്. സ്ഥലത്തിന്റെ ഭംഗിയെക്കുറിച്ച് സാമൂഹ്യമാധ്യമങ്ങളിൽ നിന്ന് കേട്ടറിഞ്ഞെത്തുന്ന നിരവധി ടൂറിസ്റ്റുകളെയും വീഡിയോ ഷൂട്ടിംഗ് സംഘങ്ങളെയും കാണാൻ കഴിഞ്ഞു. പ്രദേശത്തിന്റെ ഭൂമിശാസ്ത്രത്തെക്കുറിച്ചോ, പാറമടകളുടെ ആഴത്തേക്കിറിച്ചോ സാമാന്യ അറിവുപോലുമില്ലാതെയെത്തുന്ന സഞ്ചാരികൾ അപകടത്തിൽ പെടാനുള്ള സാധ്യത കൂടുതലാണ്. ഈ റോഡിലൂടെയുള്ള ഡ്രൈവിംഗ് അത്യന്തം അപകടകരമാണ്. അതുകൊണ്ടുതന്നെ ടൂറിസ്റ്റുകൾ അപകടത്തിൽ പെട്ടാൽ രക്ഷാദൗത്യം പോലും അസാധ്യവുമാണ്. ബാലാവകാശകമ്മീഷൻ നടപ്പിലാക്കാൻ നിർദ്ദേശിച്ച സുരക്ഷാമാനദണ്ഡങ്ങൾ വിശദമായി പഠിച്ച് അതിലെ നിർദ്ദേശങ്ങൾ സർക്കാരിന്റെ സാങ്കേതിക, സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കാൻ ചെറിയൊരു ശ്രമം പോലും നടത്താതെ കേവലം ഒരു കമ്മറ്റി തീരുമാനത്തിൽ ഒതുക്കുകയാണ് ഭരണസമിതി ചെയ്തത്. വരുമാന സ്രോതസ്സുകൾ നാമമാത്രമായ പഞ്ചായത്തിന് ബാലാവകാശകമ്മീഷന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾ ജില്ലാ ഭരണകൂടത്തിന്റെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തേണ്ടതും, സ്വകാര്യവ്യക്തികളുടെ കൈവശമുള്ള ഉപയോഗശ്ശൂന്യമായ പാറമടകൾക്ക് പഞ്ചായത്ത് നിർദ്ദേശിക്കും പ്രകാരമുള്ള സുരക്ഷാവേലികൾ നിർമ്മിച്ചു നല്കാൻ ഉടമസ്ഥരോട് ആവശ്യപ്പെടേണ്ടതുമാണ്. പെട്ടമല പ്രദേശത്ത് ജനങ്ങളെ കടത്തിവിടാത്ത വിധം നിയന്ത്രണ സംവിധാനങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തേണ്ടതാണ്. നിലവിൽ പ്രവേശനമില്ല എന്നൊരു അറിയിപ്പ് ബോർഡ് മാത്രമാണുള്ളത്.

പാറമടയിലെ വെള്ളം ജില്ലയ്ക്ക് മുഴുവൻ പ്രയോജനപ്പെടുത്താവുന്ന സമ്പന്നമായ ജലസ്രോതസ്സ് കൂടിയാണ്. കൂട് മത്സ്യകൃഷി തുടങ്ങിയ മത്സ്യകൃഷിക്കും പാറമടകൾ പ്രയോജനപ്പെടുത്താവുന്നതാണ്. അതിമനോഹരമായ ഈ പ്രദേശത്തിന് അഡ്വെഞ്ചർ ടൂറിസം സാധ്യതകളും ഏറെയാണ്. ഇക്കാര്യങ്ങൾ കൂടി ജില്ലാ ഭരണകൂടത്തിന്റെയും സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.



# 3-2 സ്വച്ഛ് ഭാരത് ( ഗ്രാമീൺ ) ഫണ്ട് -വിനിയോഗത്തിലെ അപാകതകൾ സംബന്ധിച്ച്

സ്വച്ഛ് ഭാരത് ( ഗ്രാമീൺ ) ന്റെ മാർഗ്ഗ നിർദ്ദേശപ്രകാരം 500 ൽ അധികം വീടുകളുള്ള ഒരു ഗ്രാമ പഞ്ചായത്തിന് പരമാവധി 20 ലക്ഷം രൂപവരെ ഖരദ്രവമാലിന്യ സംസ്കരണ പദ്ധതികൾക്ക് ലഭിക്കുന്നതിന് അർഹതയുണ്ട്. ഈ ഇനത്തിൽ 12,00,000 രൂപ ഓഡിറ്റ് വർഷം ലഭിച്ചിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് പഞ്ചായത്ത് പ്രൊജക്ട് തയ്യാറാക്കിയിരുന്നെങ്കിലും ഓഡിറ്റ് വർഷം പദ്ധതി നടപ്പാക്കാൻ കഴിഞ്ഞില്ല. 2019-20 ലേക്ക് സ്പിൽ ഓവറായി പ്രസ്തുത പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ പ്ളാസ്റ്റിക് മാലിന്യം ശേഖരിച്ച് സംസ്കരിക്കാനായി പഞ്ചായത്തിന് പുറത്തേക്ക് നൽകുന്നതിന് വേണ്ടിയുള്ള ശേഖരണ കേന്ദ്രം നിർമ്മിക്കാനാണ് പ്രൊജക്ട് വിഭാവനം ചെയ്യുന്നത്. പ്രൊജക്ട് സ്റ്റേറ്റ്മെന്റ് ആയ ഫോറം-4ലെ ക്രമം നം.3 ലെ പദ്ധതി ആസൂത്രണ മാർഗ്ഗ രേഖ പ്രകാരം അനുവദനീയമാണോ എന്ന് ചോദ്യത്തിനും ക്രമ നം.18 ലെ ആവശ്യമായ അനുമതി പത്രങ്ങൾ ലഭിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിനും ' ഇല്ല 'എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നിട്ടും പ്രൊജക്ടിന് 09.10.18 ൽ തീരുമാനം 1(2) ആയി ഭരണാനുമതിയും 15.10.2018 ൽ എ.ഇ-446/എ.ഇ.ഇ/ എൽ.എസ്.ജി.ഡി- /കെ.വി.പി.ഡി.വൈ/18-19 പ്രകാരം സാങ്കേതികാനുമതിയും ലഭിച്ചതായി കാണുന്നു.

പ്രൊജക്ട് റിപ്പോർട്ടിൽ തന്നെ സ്ഥലത്തെപ്പറ്റി " The land proposed for this project is a steep slope containing full of rocks"എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് പ്രസ്തുത സ്ഥലം പരിശോധിപ്പോൾ നിർമ്മാണത്തിന് ബുദ്ധിമുട്ടേറിയ പാറകൾ നിറഞ്ഞ പ്രദേശമാണെന്ന് കാണാൻ കഴിഞ്ഞു. കൂടാതെ പ്രസ്തുത സ്ഥലം റവന്യൂ പുറമ്പോക്കാണെന്നും ആയതിന്റെ അവകാശം പഞ്ചായത്തിന് ലഭ്യമായാൽ

മാത്രമാണ് പദ്ധതി നടപ്പാകാൻ സാധിക്കൂ എന്നും വ്യക്തമായി. പുതിയൊരു അനുയോജ്യ സ്ഥലം കണ്ടെത്തി പദ്ധതി മുന്നോട്ട് കൊണ്ട് പോകുന്നതായിരിക്കും അഭികാമ്യം. അല്ലെങ്കിൽ മേൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് എത്രയും വേഗം അനുകൂല തീരുമാനം ഉണ്ടാക്കേണ്ടതുണ്ട്. നിലവിലുള്ള സ്ഥലത്ത് സ്ഥലത്ത് ഉണ്ടാകാൻ സാധ്യതയുള്ള അധിക നിർമ്മാണ ചെലവും പരിഗണിക്കേണ്ടതാണ്. പ്രത്യേകആവശ്യ ഫണ്ടായത് കൊണ്ട് ലാപ്സാകാത്ത വിധത്തിൽ പെട്ടെന്ന് തീരുമാനമെടുക്കേണ്ടതുമാണ്.



## 3-3 ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾ -ഭൗതികസൗകര്യങ്ങൾ അപര്യാപ്തം

19 അങ്കണവാടികൾ ആണ് ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉള്ളത്. ഇവയിൽ ഒരെണ്ണം (നം.171, വാർഡ് 2 അകനാട്) പഴയ ഒരു ഫാം ഹൗസിലാണ് പ്രവർത്തിക്കുന്നത്. ഈ കെട്ടിടം അങ്കണവാടി പ്രവർത്തിക്കാൻ തക്ക സൗകര്യമുള്ളതല്ല. മറ്റുള്ളവയ്ക്ക് സ്വന്തമായി കെട്ടിടം ഉണ്ടെങ്കിലും, കെട്ടിടങ്ങൾ പലതും പഴകിയതും സൗകര്യപ്രദവുമല്ല. അങ്കണവാടി നം.160 നെടുങ്കണ്ണി, വാർഡ് 4 ഒരു പാറമടയുടെ സമീപപ്രദേശത്ത് സ്ഥിതിചെയ്യുന്നതിനാൽ ചുവരുകളിൽ വിള്ളലുകൾ ഉണ്ട്. ഈ കെട്ടിടത്തിന് മുൻവർഷങ്ങളിൽ നടത്തിയ അറ്റകുറ്റപണികൾ വളരെ നിലവാരം കുറഞ്ഞവയാണെന്ന് ഓഡിറ്റ് വേളയിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യമായിട്ടുണ്ട്. എളമ്പകപ്പിള്ളി നോർത്ത് നം.72 കെട്ടിടത്തിന്റെ ബേസ്മെന്റിന് താഴെ മഴക്കാലത്ത് ശക്തമായി വെള്ളം ഒഴുകുന്നതുമൂലം കെട്ടിടത്തിന് ബലക്ഷയമുണ്ടാകാനിടയുണ്ട് എന്ന് ഐ സി ഡി എസ് സൂപ്പർവൈസർ ഭരണസമിതിയെ അറിയിച്ചിട്ടുണ്ട്. ഫാം ഹൗസിൽ പ്രവർത്തിക്കുന്ന 171 ാം നമ്പർ അങ്കണവാടി പ്രളയബാധിതമായി സാധനങ്ങൾ എല്ലാം നഷ്ടപ്പെട്ടെങ്കിലും, കെട്ടിടം പെയ്ന്റ് ചെയ്യുകയോ പുതിയ ഫർണ്ണിച്ചർ വാങ്ങി നൽകുകയോ ചെയ്തിട്ടില്ല. ഈ കെട്ടിടത്തിന് സൗകര്യമുള്ള അടുക്കള, കുട്ടികൾക്ക് കൈ കഴുകാൻ വാഷ്ബേസിൻ എന്നിവ അത്യാവശ്യമാണ്. കെട്ടിടങ്ങൾ മിക്കവയും പെയിന്റ് ചെയ്തിട്ട് വർഷങ്ങളായി. ചുറ്റുമതിൽ ഇല്ലാത്ത 4 കെട്ടിടങ്ങൾ ഉണ്ട്. പാറമടകളും റബർ തോട്ടങ്ങളും കനാലുകളുമുള്ള ഭൂപ്രകൃതിയാണ് മുടക്കുഴയുടേത്. അതുകൊണ്ടുതന്നെ അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷയ്ക്ക് മുൻതൂക്കം

നൽകേണ്ടതുണ്ട്. പാറമട തൊഴിലാളി കുടുംബങ്ങളും കർഷക കുടുംബങ്ങളിലെ കുഞ്ഞുങ്ങളും ആശ്രയിക്കുന്ന അങ്കണവാടികളിൽ കാലഘട്ടത്തിന് അനുയോജ്യമായ ബേബി ഫ്രണ്ട് ലി ഫർണ്ണിച്ചറുകളുടെ പോരായ്മയുണ്ട്. വെള്ളം, വൈദ്യുതി, ഭക്ഷണം എന്നീ അടിസ്ഥാന സൗകര്യങ്ങൾ മാത്രമാണ് ഉള്ളത്. ആധുനിക രീതിയിലുള്ള കെട്ടിടങ്ങളും, മെച്ചപ്പെട്ട അനുബന്ധ സൗകര്യങ്ങളും നല്കി അങ്കണവാടികളെ ആകർഷകമാക്കി മികവിന്റെ കേന്ദ്രങ്ങളാക്കേണ്ടതാണ്. എന്നാൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി മിനിറ്റ്സിൽ ഇത്തരത്തിലുള്ള ചർച്ചകൾ രേഖപ്പെടുത്തിയിട്ടില്ല. പ്രളയബാധിത അങ്കണവാടിക്ക് ഉപകരണങ്ങൾ നല്കാനുള്ള പ്രോജക്ട് നിർദേശം പോലും വർക്കിംഗ് ഗ്രൂപ്പ് മുന്നോട്ട് വെച്ചിട്ടില്ല. അങ്കണവാടികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിലും ഭരണസമിതിയുടെ ജാഗ്രതക്കുറവ് ശ്രദ്ധയിൽപ്പെടുത്തുന്നു. വരും വർഷങ്ങളിലെ പ്രോജക്ടുകളിലൂടെ അങ്കണവാടികളുടെ ഭൗതികസൗകര്യങ്ങൾ നിലവാരമുള്ളവയാക്കേണ്ടതാണ്. അപകടാവസ്ഥയിലുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ അടിയന്തിര ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

## 3-4 ബഡ്സ് സ്കൂൾ സ്പെഷ്യൽ ഫണ്ട് വിനിയോഗം സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ ( ഐ.എ) വകുപ്പ് സ.ഉ ( എം.എസ് ) 25/2018/22.02.2018 ഉത്തരവ് പ്രകാരം പുതിയ ബഡ്സ് സ്ഥാപനം ആരംഭിക്കുന്നതിനും നിലവിലുള്ള സ്ഥാപനങ്ങളിൽ സ്ഥാപനത്തിന് വേണ്ട ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനുമായി സർക്കാർ ഭരണാനുമതി നൽകുകയും ആയതിലേക്കായി ആദ്യ ഗഡുവായി 12,50,000 രൂപ അനുവദിക്കുകയും ആയത് പഞ്ചായത്തിൽ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. 2018-19 ൽ പഞ്ചായത്ത് പദ്ധതി രൂപീകരിച്ചെങ്കിലും നടപ്പിലായില്ല. 2019-20 ൽ 5,00,000 രൂപയുടെ സ്പിൽ ഓവർ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

സ്ഥാപനത്തിൽ ഓഡിറ്റ് അംഗങ്ങൾ ഭൗതിക പരിശോധന നടത്തിയപ്പോൾ പരിമിതമായ സ്ഥല സൗകര്യമാണ് ബഡ്സ് സ്കൂളിനുള്ളതെന്ന് വ്യക്തമായി. എന്നിരുന്നാലും മികച്ച രീതിയിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. വിദ്യാർത്ഥികൾക്ക് ആവശ്യമായ ഒട്ടനവധി ഉപകരണങ്ങൾ നിലവിൽ സ്ഥാപനത്തിനുണ്ട്. വിദ്യാർത്ഥികൾക്ക് സ്വയം പരിശീലനത്തിനാവശ്യമായ വിവിധ ഉപകരണങ്ങളും സ്ഥാപനത്തിലുണ്ട്. വിദ്യാർത്ഥികൾ നിർമ്മിച്ച ഒട്ടേറെ ഉത്പന്നങ്ങളും സ്ഥാപനത്തിൽ കാണാൻ കഴിഞ്ഞു. നിലവിൽ 30 വിദ്യാർത്ഥികളാണ് സ്ഥാപനത്തിൽ ഉള്ളത്. വിദ്യാർത്ഥികളുടെ എണ്ണവും സ്ഥാപനത്തിന്റെ നിലവിലുള്ള പ്രവർത്തനമികവും കണക്കിലെടുത്താൽ സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യങ്ങളിൽ വർദ്ധനവുണ്ടായാൽ സ്ഥാപനത്തിന് മികച്ച രീതിയിൽ മാതൃകാപരമായി പ്രവർത്തിക്കാൻ കഴിയുമെന്ന് വ്യക്തമാകുന്നു.

പഞ്ചായത്തിന്റെ പ്രൊജക്ടിൽ 5,00,000 രൂപ മാത്രമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. സ്ഥല പരിമിതി മൂലം കൂടുതൽ ഉപകരണങ്ങൾ വാങ്ങാനും സാധിക്കില്ല. അനുവദിക്കപ്പെട്ടിരിക്കുന്ന തുക തദ്ദേശ ഭരണ സ്ഥാപനത്തിന്റെ മേൽ ഉത്തരവിൽ സൂചിപ്പിച്ചിരിക്കുന്ന ഇനങ്ങൾക്കല്ലാതെ ഒരു കാര്യത്തിനും ചെലവഴിക്കാൻ കഴിയില്ല എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബാക്കിയുള്ള തുകയായ 7,50,000 തിരിച്ചടക്കേണ്ട സാഹചര്യമാണുള്ളത്. ആയതിനാൽ ചുവടെ ചേർക്കുന്ന സാഹചര്യങ്ങൾ കൂടി പരിഗണിച്ചതിന് ശേഷം തീരുമാനമെടുക്കുന്നതായിരിക്കും അഭികാമ്യം എന്ന് അഭിപ്രായപ്പെടുന്നു.

1. പഞ്ചായത്തിന് സ്ഥല സൗകര്യമുള്ള പക്ഷം എല്ലാ സൗകര്യങ്ങളോട് കൂടിയ പുതിയൊരു ബഡ്സ് സ്കൂൾ നിർമ്മിക്കുന്നതായിരിക്കും അഭികാമ്യം എന്ന് കരുതുന്നു. നിലവിൽ ലഭ്യമായ 12,50,000 രൂപയ്ക്ക് പുറമെ ഇനിയും സർക്കാർ സഹായം ലഭ്യമാകും. കൂടാതെ ജില്ലാ പഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത്, എം.പി, എം.എൽ.എ ഫണ്ട് എന്നിവയും ലഭ്യമാക്കാൻ സാധിക്കും. നിലവിലെ ബഡ്സ് സ്കൂൾ മറ്റെന്തെങ്കിലും ആവശ്യത്തിനായി ഉപയോഗിക്കുകയും ചെയ്യാം.

2. നിലവിലുള്ള ബഡ്സ് സ്കൂളിനോട് ചേർന്ന് ഒരു അംഗൻവാടി പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത അംഗൻവാടിക്ക് മറ്റൊരു സ്ഥലം ലഭ്യമാക്കാൻ സാധിക്കുമെങ്കിൽ ബഡ്സ് സ്കൂളിന് കൂടുതൽ സൗകര്യം ലഭിക്കും. 12,50,000 രൂപയ്ക്കും ഉപകരണങ്ങൾ വാങ്ങാൻ സാധിക്കും.

3. മേൽ രണ്ട് സാഹചര്യവും പ്രായോഗികമല്ലെങ്കിൽ ബാക്കി വരുന്ന തുകയ്ക്ക് മറ്റെന്തെങ്കിലും പ്രത്യേക ചെലവിനായി വിനിയോഗിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കാവുന്നതാണ്. ഉദാഹരണത്തിന് നിലവിൽ സ്ഥാപനത്തിന് വാഹന സൗകര്യം ഇല്ല. ആയതിന് ഒരു വർഷം നല്ലൊരു തുക ചെലവാകുന്നുണ്ട്. മേൽ ഫണ്ടിൽ ബാക്കിയുള്ള തുകയും ജില്ലാ/ബ്ലോക്ക് /എം.എൽ.എ/എം.പി ഫണ്ടുകളും സംയുക്തമായി വിനിയോഗിക്കാവുന്നതുമാണ്. ആയതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമാണ്.

മേൽ രീതിയിലോ മറ്റ് രീതികളിലോ ലഭ്യമായ ഫണ്ട് ലാപ്സാക്കാതെ പൂർണ്ണമായും ചെലവഴിക്കാൻ വേണ്ട പരമാവധി ശ്രമങ്ങൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 3-5 പൂർത്തിയാകാത്ത കുടിവെള്ളപ്രോജക്ടുകൾ

മുൻവർഷങ്ങളിൽ ആരംഭിച്ച് ഇനിയും പൂർത്തിയാകാത്ത മൂന്ന് കുടിവെള്ള പ്രോജക്ടുകളാണ് പഞ്ചായത്തിലുള്ളത്.

1) പ്രളയക്കാട് കുടിവെള്ള പദ്ധതി

2014-15 ൽ പ്ളാൻ ഫണ്ട് പ്രോജക്ടായി 700000/(ഏഴുലക്ഷം രൂപ)ചെലവഴിച്ച് കിണർ, മോട്ടോർ ഷെഡ് എന്നിവ നിർമ്മിച്ചു. 2015-16ൽ 148000/- രൂപ ലൈൻ എക്സ്റ്റൻഷനുവേണ്ടി കെ എസ് ഇ ബി ക്ക് നൽകിയിട്ടുണ്ട്. 2016-17 ൽ ജില്ലാ പഞ്ചായത്ത് വിഹിതമായി 10,00000/(പത്ത് ലക്ഷം രൂപ) 2017 മാർച്ച് 30 ന് വാട്ടർ അതോറിട്ടിക്ക് നൽകിയിട്ടുണ്ട്. പമ്പ് സെറ്റ്, വാട്ടർ ടാങ്ക് എന്നിവയ്ക്കായി വീണ്ടും ജില്ലാപഞ്ചായത്തിനോട് 10,00,000 ലക്ഷം രൂപ ആവശ്യപ്പെടാനായി 23-10-18 ൽ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. 2014-15 വർഷം ആരംഭിച്ച പദ്ധതി പൂർത്തീകരണം വൈകുംതോറും നിർമ്മാണചെലവുകൾ കൂടാനിടയുള്ളതിനാൽ എത്രയും വേഗം പൂർത്തിയാക്കി പദ്ധതി പ്രയോജനപ്പെടുത്തേണ്ടതാണ്.

2) ഇളമ്പകപ്പിള്ളി കുടിവെള്ളപദ്ധതി

1ാം വാർഡിലെ ഇളമ്പകപ്പിള്ളി കുടിവെള്ളപദ്ധതി പണിപൂർത്തിയായെങ്കിലും സർവ്വീസ് കണക്ഷൻ ലഭിക്കാത്തതിനാൽ പ്രവർത്തനം തുടങ്ങിയിട്ടില്ല.

3) കല്ലുമല കുടിവെള്ള പദ്ധതി

12 ാം വാർഡിലെ കല്ലുമല കുടിവെള്ള പദ്ധതി ബഹുവർഷ പ്രോജക്ടാണ്. മോട്ടോർ ഷെഡ്, കിണർ എന്നിവ പൂർത്തിയായിട്ടുണ്ട്. വൈദ്യുതി ലൈൻ, വാട്ടർ ലൈൻ എക്സ്റ്റൻഷൻ എന്നീ പ്രവർത്തികൾ വരുംവർഷങ്ങളിൽ പൂർത്തീകരിക്കേണ്ടതുണ്ട്.

രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന വാർഡുകളുള്ള പഞ്ചായത്തിന് പ്രതിവർഷം രണ്ട് ലക്ഷം രൂപയോളം കുടിവെള്ള വിതരണത്തിന് ഉപയോഗിക്കേണ്ടി വരുന്നു. അതുകൊണ്ടുതന്നെ കുടിവെള്ള പദ്ധതികൾ കാലതാമസമില്ലാതെ പൂർത്തിയാക്കാനും പ്രവർത്തനക്ഷമമാക്കാനും ശ്രദ്ധിക്കേണ്ടതാണ്. പുതിയ കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് മുൻപ് തുടങ്ങിവെച്ചവ പൂർത്തീകരിക്കേണ്ടതാണ്.

# 3-6 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി അവലോകനം

(1). മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിവിധ വേലകളുടെ മെറ്റീരിയൽ വാങ്ങിയ ഇനത്തിൽ 64,35,000 രൂപ സർവ്വ ശ്രീ എ.പി പൗലോസ് ( 3,77,704 രൂപ ), റോയ്.കെ.എം (1,76,754 ), ബിനോയ് ജേക്കബ് ( 1,85,365 ), സോജൻ എൻ.ജോർജ്ജ് ( 2,24,476 രൂപ ) , കൈലാസനാഥൻ കെ.എൻ (1,63,850 രൂപ )എന്നീ കരാറുകാർക്ക് കരാർ ചമച്ച് നൽകിയതായി കാണുന്നു. പ്രസ്തുത കരാറുകാറെല്ലാം വാർഷിക പെയ്മെന്റ് ലിമിറ്റായ 1,00,000 രൂപയിൽ അധികരിച്ചതിനാൽ പ്രസ്തുത കരാറുകാരിൽ നിന്നും ഇൻകം ടാക്സ് സെക്ഷൻ 194 C പ്രകാരം ഒരു ശതമാനം നിരക്കിൽ ടി.ഡി.എസ് ഈടാക്കേണ്ടതാണ്. നഷ്ടത്തുക കണക്കാക്കി ഈടാക്കി ഇൻകം ടാക്സ് ഹെഡ്ഡിൽ ഒടുക്കാൻ നിർദ്ദേശിക്കുന്നു.

(2). കേന്ദ്ര സർക്കാരിന്റെ ഗ്രാമ വികസനവകുപ്പിന്റെ ( ministry of rural devolopment )ന്റെ 07.04.2017 ലെ K/11023/1/1/2017-MGNREGA-IV കത്ത് പ്രകാരം സിറ്റിസൺ ഇൻഫൊർമേഷൻ ബോർഡുകളും, പദ്ധതിയെപ്പറ്റിയുള്ള ചുവരെഴുത്തുകളും 01.04.2017 മുതലുള്ള വേലകളിൽ ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പഞ്ചായത്തിൽ ഒരു സ്ഥലത്തും ചെയ്തിട്ടില്ല. പ്രസ്തുത പദ്ധതി ക്രിയാത്മകമായും സുതാര്യമായും ജനങ്ങളിലേക്ക് എത്തുന്നതിന് വേണ്ടിയും പദ്ധതിയുടെ ദർശനീയത(visibility) വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുമാണ് ഇത്തരത്തിൽ ചെയ്യുന്നതെന്ന കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ഓഫീസ്, അങ്കണവാടികൾ, വിദ്യാലയങ്ങളുടെ മതിലുകൾ തുടങ്ങിയ പൊതു സ്ഥലങ്ങളിൽ ഇത്തരത്തിലുള്ള ചുവരെഴുത്തുകൾ വേണമെന്നാണ് മേൽ കത്തിലുള്ളത്. മേൽ കത്തിലെ അന്തസ്സത്ത ഉൾക്കൊണ്ട് ആയതിന് വേണ്ട തുടർനടപടികൾ സ്വീകരിക്കാൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു.

(3). തൊഴിലുറപ്പ് പദ്ധതിക്ക് മുൻ വർഷങ്ങളിൽ പണിയുപകരണങ്ങളുടെ വാടക കുടുംബശ്രീ എ.ഡി.എസ് അക്കൗണ്ടുകളിലാണ് നൽകിയിരുന്നത്. ഇപ്പോൾ ഓരോ തൊഴിലാളിക്കും നേരിട്ടാണ് നൽകുന്നത്. മുൻപ് പ്രസ്തുത ഇനത്തിൽ ലഭ്യമായ തുക പഞ്ചായത്തിലെ വിവിധ എ.ഡി.എസ് അക്കൗണ്ടുകളിലായി ഡെപ്പോസിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ ഇനത്തിൽ 2,01,960 രൂപ 18 അക്കൗണ്ടുകളിലായി ഉള്ളതായി കാണുന്നു. പ്രസ്തുത തുക ഏത് രീതിയിൽ ഉപയോഗിക്കണമെന്ന് വ്യക്തമായി നിർദ്ദേശമുള്ളതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത വിഷയം ഉചിത മാർഗ്ഗേണ സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്താൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു.

# 3-7 മില്ലുംപടി കടവുങ്കൽ റോഡ്-എഗ്രിമെന്റ് വെച്ചെങ്കിലും പണി ആരംഭിച്ചില്ല-പ്രോജക്ട് ഉപേക്ഷിച്ചു

വാർഡ് 13 ലെ മില്ലുംപടി ജംഗ്ഷൻ മുതൽ കടവുങ്കൽ വരെയുള്ള റോഡ് 435 മീറ്റർ നീളത്തിൽ, 3 മീറ്റർ വീതിയിലും കുഴികൾ അടച്ച് ടാറിംഗ് നടത്താനായി 350000/- അടങ്കലുള്ള പ്രോജക്ട് 2014-15, 2015-16 ലെ ബഹുവർഷ പ്രോജക്ടായി ഡിപിസി അംഗീകരിച്ചെങ്കിലും 2014-15ൽ നടപ്പാക്കിയില്ല. തുടർന്ന് 2015-16 ൽ 76/16 ൽ കൺവീനർ വർക്കായി നടത്തുവാനായി ബെനിഫിഷ്യറി കമ്മറ്റി കൺവീനറായി ജോഷി തോമസ്, ജിബി ജോസഫിനേയും തെരഞ്ഞെടുത്ത് 5-3-16 ൽ കരാർ (26/എ ഇ/LSGD/16-17)വെച്ചെങ്കിലും പണി ആരംഭിച്ചതായി കാണുന്നില്ല. പ്രോജക്ട് സ്പിൽ ഓവറായി 2016-17 ലും (108/17),2017-18 ലും 171/18 തുടർന്നെങ്കിലും പണി ആരംഭിച്ചിരുന്നോയെന്ന് വ്യക്തമല്ല. ടി പ്രോജക്ട് ഉപേക്ഷിക്കുന്നതായി 10-4-18 ൽ പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ട്(തീരു.നം.4). പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ ബെനിഫിഷ്യറി കമ്മറ്റിക്ക് മുൻകൂർ നല്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി (നം. )മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല. മേൽ റോഡിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ടതിനും എന്തുകൊണ്ടാണ് പ്രോജക്ട് നടപ്പിലാക്കാൻ കഴിയാതിരുന്നത് എന്നതിനും വിശദീകരണം ലഭിച്ചില്ല.

2. 2-3-16 ലാണ് അവസാനമായി ബെനിഫിഷ്യറി കമ്മറ്റി യോഗം ചേർന്നിരിക്കുന്നത്. എന്നാൽ കമ്മറ്റി മിനിറ്റ്സിൽ വിയോജനക്കുറിപ്പുകൾ ഒന്നും തന്നെയില്ല. പണി ചെയ്യാൻ കഴിയില്ല എന്ന് കമ്മിറ്റി രേഖാമൂലം അറിയിച്ചിട്ടുമില്ല. എന്നാൽ സൈറ്റ് കൈമാറ്റം ചെയ്തതായും കാണുന്നില്ല.

3. ജനവാസമേഖലയിലുള്ള റോഡ് സഞ്ചാരയോഗ്യമാക്കാൻ തയ്യാറാക്കിയ പ്രോജക്ട് രണ്ട് വർഷത്തിനുശേഷം നടപ്പിലാക്കാതെ ഉപേക്ഷിക്കാൻ കമ്മറ്റി തീരുമാനമെടുത്തപ്പോൾ ബെനിഫിഷ്യറി കമ്മറ്റി പ്രോജക്ട് നടപ്പിലാക്കാതിരുന്നതിന്റെ കാരണങ്ങൾ കണ്ടെത്തി പരിഹരിക്കാനോ, പകരം പ്രോജക്ട് പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് സഞ്ചാരയോഗ്യമാക്കാനോ ശ്രമിക്കാതിരുന്നതിന് വിശദീകരണം നല്കേണ്ടതാണ്.

# 3-8 ഹോമിയോ ആശുപത്രി-മരുന്ന് ലഭ്യമായിട്ടില്ല.

പ്രൊജക്റ്റ് നം-19/19
അടങ്കൽ-1,50,000രൂപ
ചെലവ്-1,50,000രൂപ
ബിൽ നം-1/27-11-2018

ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ പ്രോജക്ട് പ്രകാരം ഹോംകോ എന്ന സ്ഥാപനത്തിന് 150000/- രൂപ നല്കിയിട്ടുണ്ടെങ്കിലും മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പല മരുന്നുകളും സ്റ്റോക്കിൽ ഇല്ല .ഉദാ; cuprem met 200 (പേജ് 233) 31-3-16 ലും secate cor 200, 2-12-18 ലും തീർന്നതായി കാണിച്ചിട്ടുണ്ട്. മരുന്നുകൾ പലതും സ്റ്റോക്കിൽ ഇല്ലാതിരുന്നിട്ടും, മരുന്ന് ലഭ്യമാക്കുന്നതിനായി ഹോംകോ എന്ന സ്ഥാപനവുമായി കത്തിടപാടുകൾ നടത്തിയതായും കാണുന്നില്ല. പ്രതിദിനം ഏതാണ്ട് അൻപതിലധികം രോഗികൾ ആശ്രയിക്കുന്ന

ക്ളിനിക്ക് ആണിത്. മരുന്നുകളുടെ അപര്യാപ്തത ഡിസ്പെൻസറിയുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നവിധം സ്റ്റോക്കിൽ കുറവ് വന്നിട്ടുപോലും മരുന്നുകൾക്കായി ഹോംകോയെ സമീപിക്കാതിരുന്നതിന് കൃത്യമായ മറുപടി നൽകാൻ നിർവ്വഹണോദ്യോഗസ്ഥയ്ക്ക് കഴിഞ്ഞില്ല. ഈ വിഷയം ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുമില്ല. ആരോഗ്യമേഖലയിൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടെ കാര്യക്ഷമമായ ഇടപെടലുകൾക്ക് ശുപാർശ ചെയ്യുന്നു.

# 3-9 ഗ്രാമപഞ്ചായത്തിന് പൊതുശ്മശാനം ഇല്ല

പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 166, ഉപവകുപ്പ് (1) ലെ മൂന്നാം പട്ടികയിൽ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ 18 ാം ഇനമായി പൊതുശ്മശാനങ്ങൾ നിർമ്മിച്ച്, പരിപാലിക്കേണ്ട ഉത്തരവാദിത്തം ഗ്രാമപഞ്ചായത്തുകൾക്ക് ഉണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിവിധ മതവിശ്വാസികളായ ജനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്നുണ്ട്. ധാരാളം റവന്യൂ പുറമ്പോക്ക് ഭൂമി പഞ്ചായത്ത് പരിധിയിലുണ്ട്. എന്നാൽ പൊതുശ്മശാനത്തിന് സ്ഥലം കണ്ടെത്താനുള്ള ഊർജ്ജിത ശ്രമങ്ങൾ ഭരണസമിതി നടത്തിയിട്ടില്ല. അനുയോജ്യമായ സ്ഥലം കണ്ടെത്തി പൊതുശ്മശാനം നിർമ്മിക്കേണ്ടതാണ്.

# 3-10 സ്യൂട്ട് രജിസ്റ്റർ പരിപാലനം,കേസ് നടത്തിപ്പ്-അപാകതകൾ

പഞ്ചായത്തിന്റെ സ്യൂട്ട് രജിസ്റ്റർ പ്രകാരം ബഹു.കേരള ഹൈക്കോടതിയിൽ 37 കേസുകളും, മുൻസിഫ് കോടതിയിൽ 6, അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ 4, ഓംബുഡ്സ്മാന്റെ പരിഗണനയിൽ 5 കേസുകൾ നിലവിലുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവയിൽ ഏതെല്ലാം തീർപ്പാക്കിയെന്നോ, ഫൈനൽ ജഡ്ജ്മെന്റ് എന്താണെന്നോ വ്യക്തമല്ല. പാറമടകളുടെ ലൈസൻസ്, പാറമടകൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയതിനെതിരെയുള്ള പരാതികൾ, നിലം എന്ന് ഗണത്തിൽ പെടുന്ന ഭൂമിയിൽ കെട്ടിടനിർമ്മാണ അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ, എഞ്ചിനീയറിംഗ് വർക് ഷോപ്പുകളിൽ നിന്നുള്ള മലിനീകരണം സംബന്ധിച്ച കേസുകൾ എന്നിങ്ങനെ കേസുകൾ എല്ലാം തന്നെ ഗൗരവതരവുമാണ്. 2004 മുതലുള്ള കേസുകൾ നിലവിലുണ്ട് എന്നാണ് രജിസ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സ്യൂട്ട് രജിസ്ററിൽ നിന്നും കേസുകളെക്കുറിച്ച് കൃത്യവും, വ്യക്തവുമായ വിവരങ്ങൾ ലഭിക്കുന്നില്ല. തീർപ്പാക്കിയ കേസുകളുടെ വിധി ചുരുക്കമായി രജിസ്ററിൽ എഴുതി ചേർത്ത് സാക്ഷ്യപ്പെടുത്തുന്നില്ല. സ്യൂട്ട് രജിസ്ററർ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതാണ്.

രജിസ്റ്റർ പ്രകാരം അൻപതിലധികം കേസുകൾ ഉണ്ട്. കേസുകൾ ഏത് ഘട്ടത്തിലാണെന്നോ, വസ്തുതാവിവരണ പട്ടികകൾ സമർപ്പിക്കുന്നുണ്ടോയെന്നും ഫയലുകളിൽ നിന്നോ, രജിസ്ററിൽ നിന്നോ വ്യക്തമല്ല. വക്കീൽ ഫീസിനത്തിൽ തൻവർഷം ചെലവഴിച്ച 60,000/- രൂപ, ഏതെല്ലാം കേസുകളിൽ, ഏത് കോടതികളിൽ ഹാജരായതിനാണ് വക്കീലൻമാർക്ക് നൽകിയതെന്ന് വ്യക്തമല്ല. കേസ് ഫയലുകൾ പരിശോധിച്ചതിൽ നിന്നും ഗൗരവമേറിയ കേസുകൾ പോലും ശരിയായ ഫോളോ അപ്പ് നടത്തുന്നില്ല എന്ന് മനസ്സിലാകും. കേസുകളുടെ വസ്തുതാ വിവരണ പത്രിക തയ്യാറാക്കിയതായി ഒരു ഫയലിൽ പോലും കാണാൻ കഴിഞ്ഞില്ല. പ്രധാന കേസുകളിലെ വിധികൾ പലതും പഞ്ചായത്തിന് എതിരായാണ്. തീർപ്പാക്കിയ കേസുകളിൽ കോടതി വിധി പാലിക്കാനുള്ള കാര്യങ്ങൾ

നടപ്പാക്കുന്നുണ്ടോയെന്നും ശരിയായ മേൽനോട്ടമില്ല.
കേസുകളുമായി ബന്ധപ്പെട്ട ഏതാനും ഫയലുകളിൽ നിന്നുള്ള വസ്തുതകൾ ചുവടെ ചേർക്കുന്നു.

1. കേസ് നം.31760/2018 സജിത് കുമാർ v/sമുടക്കുഴ ഗ്രാമപഞ്ചായത്ത് (ബഹു.കേരള ഹൈക്കോടതി), പെറ്റീഷണറുടെ ഉടമസ്ഥതയിൽ വേങ്ങൂർ വെസ്റ്റ് വില്ലേജ് സർവേ.നം.37/9-2 ലെ 46 സെന്റ് (18.95 ആർ ) (വില്ലേജ് രേഖകൾ പ്രകാരം നിലം)സ്ഥലത്തിൽ നിന്ന് 10 സെന്റ് സ്ഥലത്ത് (4.04 ആർ)120 സ്ക്വ.മീറ്റർ കെട്ടിടത്തിനുള്ള അപേക്ഷ പഞ്ചായത്ത് നിരസിച്ചതിനെതിരെ കോടതിയെ സമീപിച്ച കേസ്. ടി കേസ് നടത്തിപ്പിനായി അഡ്വ.ആർ.രഞ്ജിതിനെ 9-10-18 ന് ഏല്പിച്ചിട്ടുണ്ട്(ലെറ്റർ നം.എ.എസ്.2874/18). 31-10-18 ന് വിധിയെ തുടർന്ന് വക്കീൽ ഫീസ് 10,000/-നൽകിയിട്ടുണ്ട്. എന്നാൽ കേസിൽ പഞ്ചായത്തിന്റെ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് (വസ്തുതാ വിവരണം) നൽകുകയോ, പഞ്ചായത്തിനുവേണ്ടി അഫിഡേവിറ്റ് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഈ കേസിൽ കോടതി വിധിയുടെ സർട്ടിഫൈഡ് കോപ്പി നൽകുന്നതിനോടൊപ്പം ഫീസിന്റെ ബില്ലും വക്കീൽ അയച്ചുകൊടുത്തിട്ടുണ്ട് എന്നല്ലാതെ വിധി പ്രകാരം പഞ്ചായത്ത് എന്ത് നടപടി കൈക്കൊള്ളണമെന്ന കുറിപ്പുപോലും തയ്യാറാക്കി നൽകിയിട്ടില്ല.

കോടതി വിധിക്കനുസരിച്ച് പഞ്ചായത്ത് തുടർ നടപടികൾ നടപടികൾ കൈക്കൊണ്ടോയെന്നും ഫയലിൽ നിന്ന് വ്യക്തമല്ല.

2. WPC നം.31129/2016 ടി.എസ്.പ്രമോദ് കെട്ടിട നിർമ്മാണ അനുമതി നിരസിച്ചതിനെതിരെ ഹൈക്കോടതിയെ സമീപിക്കുകയും, 31-1-19 ൽ വിധി വരികയും ചെയ്തു. ടി കേസിലും പഞ്ചായത്തിന്റെ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ്, പഞ്ചായത്തിനുവേണ്ടി അഫിഡേവിറ്റ് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

കേസുകളുടെ നടത്തിപ്പ് സംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റിയിലൊ, സ്റ്റാന്റിംഗ് കമ്മറ്റിയിലൊ ചർച്ച ചെയ്യപ്പെടുന്നില്ല. കേസ് നടത്തിപ്പിൽ കാര്യക്ഷമമായ മേൽനോട്ടത്തിന് ശുപാർശ ചെയ്യുന്നു.

# 3-11 ക്ഷീര കർഷകർക്ക് ഇൻസെന്റീവ്-പഞ്ചായത്ത് വിഹിതം ചിലവാക്കിയില്ല.

ക്ഷീര കർഷകർക്ക് ഇൻസെന്റീവ് നൽകുന്നതിന് S0057/19 -)ം നമ്പർപ്രോജക്ട് പ്രകാരം താഴെ പറയും പ്രകാരം തുക വകയിരുത്തിയിരുന്നു.

| ജില്ലാപഞ്ചായത്ത് വിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ഗ്രാമ പഞ്ചായത്ത് വിഹിതം | ആകെ |
|---|---|---|---|
| 7,64,000.00 | 4,65,000.00 | 1,34,991.00 | 1363,991.00 |

ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പരമാവധി ലിറ്ററിന് 4 രൂപ വരെ ഇൻസെന്റീവ് നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. നിർവഹണ ഉദ്യോഗസ്ഥ ഇല്ലാത്തതിനാൽ ഗ്രാമ പഞ്ചായത്ത് വിഹിതം ചെലവഴിക്കാൻ സാധിക്കാതെ വന്നതിനാൽ കർഷകർക്ക് ലഭ്യമാകുമായിരുന്ന ആനുകൂല്യം ലഭിച്ചിട്ടില്ല. ഇപ്രകാരമുള്ള വീഴ്ചകൾ വരും വർഷങ്ങളിൽ ഒഴിവാക്കേണ്ടതാണ്. ക്ഷീര സംഘങ്ങളിൽ പാൽ അളന്നിരുന്ന കർഷകർക്ക് ലിറ്ററിന് 1.64 രൂപ മാത്രമാണ് ഇൻസെന്റീവ് ലഭിച്ചിട്ടുള്ളത്. ലിറ്ററിന് 4 രൂപ വീതം ഇൻസെന്റീവ് ലഭിക്കുവാനാവശ്യമായ

ഗ്രാമ പഞ്ചായത്ത് വിഹിതം വരുംവർഷങ്ങളിൽ പ്രസ്തുത പ്രൊജക്ടിന് വകയിരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-12 പദ്ധതി നിർവഹണത്തിലെ അപാകതകൾ

1. പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്റർ മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. സമീപ കാലത്ത് പ്രസ്തുത സ്ഥാപനം ഫാമിലി ഹെൽത്ത് സെന്റർ ആക്കി മാറ്റിയിട്ടുണ്ട്. എന്നാൽ ഒരു ജനറേറ്റർ ഇല്ലാത്തത് പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. പല മരുന്നുകളും ശീതീകരിച്ച അന്തരീക്ഷത്തിൽ സൂക്ഷിക്കേണ്ടി വരുന്ന സാഹചര്യമുണ്ട് എന്ന് സ്ഥല പരിശോധനയിൽ വ്യക്തമായി. കേന്ദ്ര സർക്കാരിന്റെ ആരോഗ്യ-കുടുംബക്ഷേമ മന്ത്രായത്തിലെ ഡയറക്ടറേറ്റ് ജനറൽ പുറത്തിറക്കിയ ഇൻഡ്യൻ പബ്ളിക് ഹെൽത്ത് സ്റ്റാൻഡേർഡ് അനുസരിച്ച് പി.എച്.സി,എഫ്.എച്.സി എന്നിവടങ്ങളിൽ ജനറേറ്റർ നിർബന്ധമാണെന്ന് പറയുന്നുണ്ട്( പേജ്-14-16). കൂടാതെ പഞ്ചായത്തിലെ ആസൂത്രണ സമിതിയും ഇത്തരമൊരു നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ട്. മേൽ നിർദ്ദേശത്തിലേക്ക് പഞ്ചായത്തിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

2. കൃഷി ഓഫീസർ ,മുടക്കുഴ നൽകുന്ന രസീതിന് ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കുന്നതായി കാണുന്നില്ല. മേൽ അപാകത പരിഹരിക്കേണ്ടതാണ്.

3. പഞ്ചായത്തിലെ വാഹനത്തിന്റെ ( കെ.എൽ-40-കെ-2253) ഇന്ധന ക്ഷമത റിപ്പോർട്ട് അവസാനമായി ലഭ്യമാക്കിയത് 04.11.2017 ലാണ്.ആയതിന്റെ കാലാവധി 05.10.2018 വരെയാണെന്ന് പ്രസ്തുത സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എ.സി ഉപയോഗിക്കുമ്പോൾ 14/കി.മീയും എ.സി ഉപയോഗിക്കാത്തപ്പോൾ 15/കി.മീയുമാണ് ഇന്ധന ക്ഷമത. 2018-19 ൽ വാഹനം 1,21,047 കി.മീ സഞ്ചരിച്ചതായും ആയതിന് 1,773.43 ലിറ്റർ ഡീസൽ ഉപയോഗിച്ചതായും ലോഗ് ബുക്കിൽ നിന്ന് വ്യക്തമാകുന്നു. 13.38 കി.മീ യാണ് ഇന്ധനക്ഷമത. ഇത് സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചതിനേക്കാൾ കുറവാണ്. ഈ സാഹചര്യത്തിൽ ഇന്ധനക്ഷമത പരിശോധിക്കാനും ലോഗ് ബുക്കിൽ എല്ലാ ഇന്ധനവാങ്ങലുകൾ സംബന്ധിച്ചും ചേർത്തിട്ടുണ്ടോ എന്ന് പരിശോധിക്കാനും ഓഡിറ്റ് നിർദ്ദേശിക്കുന്നു.

4. സാമൂഹ്യ സുരക്ഷ പെൻഷനുമായി ബന്ധപ്പെട്ട അപേക്ഷ രജിസ്റ്ററുകളിൽ പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. അപേക്ഷ ലഭിച്ചതിന്റെയും ആയത് അനുവദിച്ചോ നിരസിച്ചോ എന്ന വിവരവും മാത്രമാണ് രജിസ്റ്ററിൽ ചേർക്കുന്നത്. അപേക്ഷകൾ സേവന സോഫ്റ്റ് വെയറിൽ ചേർത്തതിന്റെ തിയതിയും ലഭിച്ച പെൻഷൻ നമ്പരും ഏത് മാസം മുതലാണ് പെൻഷൻ നൽകിത്തുടങ്ങിയത് എന്നുള്ള വിവരങ്ങളും രജിസ്റ്ററിൽ ചേർത്ത് നിരീക്ഷിക്കേണ്ടതാണ്. 2018-19 ൽ വിവിധ പെൻഷനുകളുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകൾ സോഫ്റ്റ്വെയറിൽ ചേർത്ത് വിതരണം നടത്തിയോ എന്നതും ഏത് മാസം മുതലാണ് പെൻഷൻ നൽകിത്തുടങ്ങിയത് എന്നതും മേൽ വിവരങ്ങൾ ഇല്ലാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ വിവരങ്ങൾക്കൊപ്പം പെൻഷനുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളും ആയതിന്റെ തുടർനടപടികളും രജിസ്റ്ററിൽ രേഖപ്പെടുത്തി നിരീക്ഷിക്കാൻ നിർദ്ദേശിക്കുന്നു. മരണം എന്ന് രേഖപ്പെടുത്തിയിട്ടുള്ള അക്കൌണ്ടുകൾ suspend എന്ന ഗണത്തിൽ പെടുത്താതെ വീണ്ടും തുക വരുന്നതായും കാണുന്നുണ്ട്. അക്കൗണ്ടുകൾ അന്വേഷണം നടത്തി സസ്പെൻഡ് ചെയ്യാത്ത പക്ഷം ആയത് ദുരുപയോഗത്തിന് കാരണമാകാം എന്ന് മുന്നറിയിപ്പ് നൽകുന്നു. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ട സംവിധാനങ്ങൾ പഞ്ചായത്ത് നടപ്പിലാക്കേണ്ടതാണ്. തുക നേരിട്ട് വിതരണം ചെയ്യുന്ന രീതിയിലും അപാകതകൾ കാണുന്നുണ്ട്. സഹകരണ ബാങ്ക് അംഗങ്ങൾ, പഞ്ചായത്തു പ്രസിഡന്റ്, വാർഡ് അംഗം എന്നിവർ ഉൾപ്പെടുന്ന മോണിറ്ററിങ് കമ്മിറ്റി മീറ്റിംഗ് നടക്കുന്നില്ല

എന്നതാണ് അപാകതക്ക് പ്രധാന കാരണം. ഓരോ ബാച്ച് പെൻഷൻ വിതരണത്തിന് ശേഷവും മേൽ മീറ്റിംഗ് നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

5. ഓരോ വാർഡിലെയും ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി ഒരു പ്രൊജക്ടിന്റെ തദ്ദേശ ഭരണ സ്ഥാപന തല ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് 29.01.2018 ലെ 11/2018/ ത.സ്വ.ഭ.വ നം.സർക്കാർ ഉത്തരവിലെ 11.3(13) ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 21.07.2018 ലെ 1/1 തീരുമാന പ്രകാരം 2018-19 ലും മുൻവർഷത്തെപ്പോലെ തന്നെ ഓരോ വാർഡിൽ നിന്നും തുല്യ എണ്ണം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയാൽ മതിയെന്ന് ഭരണസമിതി ഐകകണ്ഠേന തീരുമാനിച്ചത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. ഇത്തരത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഉത്തരവുകൾ ലംഘിക്കുന്നത് കോടതി വ്യവഹാരങ്ങൾക്കിടയാക്കുമെന്നും സർക്കാർ ഉത്തരവിന്റെ ലംഘനം ജനങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാതിരിക്കുന്നതിന് കാരണമാകുമെന്നും ഓഡിറ്റ് മുന്നറിയിപ്പ് നൽകുന്നു. പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ടെങ്കിൽ ആയത് സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുകയാണ് വേണ്ടിയിരുന്നത്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 3,50,000 | നെൽകൃഷി കൂലിച്ചിലവ് സബ്സിഡി | 3,50,000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 60,000 | ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം (ലൈഫ്, പട്ടിക ജാതി ) | 60,000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 6,75,000 | ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം ( ലൈഫ് ) | 6,75,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2,50,000 | ഭിന്ന ശേഷിക്കാർക്ക് പഠനസഹായം | 1,25,000 | 1,25,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,50,000 | ഭിന്ന ശേഷിക്കാർക്ക് പഠനസഹായം | 2,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1,00,000 | മുടക്കുഴ അംഗൻവാടി മെയിന്റനൻസ് | 99,584 | 416 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 7,64,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 7,64,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 4,65,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 4,65,000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നല്കിയിട്ടില്ല

# 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | GO(M.S.)No.68/18/LSGD, Dt.18.5.18 | 20,59,718 | 0 | 0 | 0 | 20,59,718 |

ഗുണ ഭോക്താക്കൾക്ക് നൽകിയ ഗഡുക്കളും ബാങ്ക് ചാർജ്ജും കഴിച്ച് 1,098 രൂപ ബാക്കിയുണ്ട്.

# 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ (രജിസ്റ്റർ പ്രകാരം) ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ / സ്ഥാപനത്തിന്റെ പേര് | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2016-17 | 2-2(1) | 3,791 | അരുൺ പ്രൊഡക്ട്സ് | 11/37863/16.05.2018 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

# 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,30,69,752 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,60,51,169 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ഇല്ല | | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | ഇല്ല |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | ഇല്ല |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായ**

ഇല്ല

**(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

# 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| [illegible] | |

| | |
|---|---|
| 1997-1998 | കെ.എസ്.എ.-ഇ.കെ.എം.(പി2) 880/2015, തീയതി: 28.01.2016 |
| 1998-1999 | |
| 1999-2000 | |
| 2000-2001 | |
| 2001-2002 | |
| 2002-2003 | |
| 2003-2004 | |
| 2004-2005 | എൽ.എഫ്.ഇ.(പി2)-1301/10, തീയതി: 02.11.2011 |
| 2005-2006 | എൽ.എഫ്.ഇ.(പി2)-1302/10, തീയതി: 02.11.2011 |
| 2006-2007 | എൽ.എഫ്.ഇ.(പി2)-1303/10, തീയതി: 02.11.2011 |
| 2007-2008 മുതൽ 2010-2011 വരെ | എൽ.എഫ്.ഇ.(പി2)-1137/12, തീയതി: 12.09.2012 |
| 2011-2012 & 2012-2013 | എൽ.എഫ്.ഇ.(പി2)-1376/14, തീയതി: 17.10.2014 |
| 2013-14 & 2014-15 | കെ.എസ്.എ ഇ.കെ.എം(പി2) 1109/16, തീയതി.08.07.2016 |
| 2015-16 | കെ.എസ്.എ ഇ.കെ.എം(പി2) 2245/16, തീയതി.10.01.2017 |
| 2016-17 | കെ.എസ്.എ ഇ.കെ.എം(പി2) 2026/17, തീയതി.22.11.2017 |
| 2017-18 | കെ.എസ്.എ ഇ.കെ.എം(പി2) 155/19, തീയതി.18.03.2019 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം 2018-19

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്. 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 295(4) എന്നിവ അനുസരിച്ചും പഞ്ചായത്തുകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ**

1) പ്യൂരിഫിക്കേഷന് ശേഷം വസ്തു നികുതിയിൽ വന്നിട്ടുള്ള വ്യത്യാസം പഞ്ചായത്ത് കമ്മിറ്റി, സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവയിൽ ചർച്ച ചെയ്ത് അനുമതി ലഭ്യമാക്കിയിട്ടില്ല. കൂടാതെ സെക്രട്ടറിയുടെ ഉത്തരവും ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ മാറ്റങ്ങൾ ആധികാരികമായി കണക്കാകാനാകില്ല.
2) സാക്ഷരത പ്രേരക് മാർക്ക് ഹോണറേറിയം നൽകിയതിൽ ലഭിക്കുവാൻ ബാക്കി നിൽക്കുന്ന തുകയുടെ (1,89,380 ) വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
3) വാർഷിക കണക്കിനോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) പ്രധാന അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ സമർപ്പിച്ചിട്ടില്ല.
4) ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണമായി അക്കൗണ്ട് ചെയ്ത് വർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
5) വിവാഹ ധനസഹായം, നെൽകൃഷിക്ക് കൂലിചെചലവ് എന്നിവയ്ക്ക് ചെലവായ തുകകളായ യഥാക്രമം 1,50,000 രൂപ,60,000 രൂപ എന്നിവ വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.
6) പ്ളാന്റ് ആൻഡ് മെഷിനറി ( 411400101 ) എന്ന ഹെഡ്ഡിലെ ഡിപ്രിസിയേഷൻ തുക 4,11,740 രൂപയാണ്. എന്നാൽ പ്രസ്തുത ഹെഡ്ഡിന്റെ ആസ്ഥിയുടെ മൂല്യം 2,90,467 രൂപ മാത്രമാണ്.
7) തൊഴിൽ നികുതി ( ട്രേഡേഴ്സ് ) (431190101) എന്ന ഹെഡ്ഡിലെ മുൻവർഷത്തെ അഡ്വാൻസായ 1,99,540 രൂപ രണ്ട് പ്രാവശ്യവും ഡി ആൻഡ് ഒ ലൈസൻസ് ഫീസിലെ മുൻവർഷത്തെ അഡ്വാൻസായ 2,56,400 രൂപയ്ക്ക് പുറമെ 2,57,400 രൂപയും ഇൻകം ആക്കി മാറ്റിയതിനാൽ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ മേൽ ഹെഡ്ഡുകളിൽ ഇൻകം ഹെഡ്ഡിൽ അധികം തുക വന്നിരിക്കുന്നു.
8) ലൈബ്രറി സെസ് പ്രൊവിഷൻ - വസ്തുനികുതി ബാലൻസ് ഷീറ്റിൽ ഉള്ള തുകയുടെ 5 ശതമാനമായ 12,649 രൂപക്ക് പകരം 12,882 രൂപയാണ് കാണുന്നത്.
9) ബി-18 ഷെഡ്യൂളിലുള്ള Advance to other authorised agencies ( 460500399) എന്ന ഹെഡ്ഡിലെ 180 രൂപ എന്താണെന്ന് വ്യക്തമല്ല.
10) മുൻവർഷത്തെ (2016-17) തൊഴിൽ നികുതിയായി ലഭിച്ച തുക 2123240 -പ്രയർ പീരീയഡ്(തൊഴിൽ നികുതി) എന്ന ഹെഡിനു പകരം തൻവർഷ തൊഴിൽ നികുതി ഹെഡായ 110200102 – ലാണ് ചേർത്തത്

**ഡെപ്യൂട്ടി ഡയറക്ടർ**

AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of **Mudakkuzha Grama Panchayat** in Ernakulam District for the year ended on 31.03.2019 in accordance with Section ' 4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting Rules 2011, and guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions, and the Instructions vide G.O.(Rt) 1413/2018/ LSGD Dated. 22/05/2018.

In my opinion the Annual Financial Statement of **Mudakkuzha Grama Panchayat** for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

**Defects Identified on Verification of Mudakkuzha Grama Panchayat Annual Financial Statement - 2018-19**

1) Purification of building tax resulted in an extensive reduction in the demand of property tax.The new demand in 'property tax' was neither verified nor authenticated by the Finance standing committee or the panchayath committee.

2) The honararium to Saksharatha Preraks were paid by the panchayath,this amount which is due to panchayath fund was not included in the balance sheet of AFS.

3) The notes on accounts and ratios were not submitted along with the AFS.

4) The Asset register is not comprehensive as the landed assets are not included in it.The same have not been verified and matched with the assets in the AFS.

5) The expenses incurred for 'marriage assisstance and labour charges for paddy cultivation (Rs.150000 and 60000 respectively) are not included in the AFS.

6) The 'depreciation for plant and machinery ' is 4,11,740/-whereas the value of that asset in that head is only 290467/- Depreciation of the assets is shown as greater than its value.

7) Rs. 199540/- in prior period item in the head ' Profession tax (traders)'has been shown twice in the I & E statement,hence there is a doubling of the same amount in I&E statement.

8) The provision for library cess of property tax in balance sheet is 12649/- but it is erroneously accounted as 12882/-

9) An amount of Rs 180/- which is shown in the head 'Advance to other authorised agency' in B 18 schedule is not explained properly.

10) Prior period collection of Profession Tax Rs.3240/- for the year 2016-17 wich has to be included in the head Prior Period has been erroneously included in the Profession Tax head (110200102)for the year 2018-19.

DEPUTY DIRECTOR

sj